**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **30-01-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി ലഭിക്കാത്തതുമൂലം പ്രസ്തുത റോഡിൽ വർഷങ്ങളായി നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ സംസ്ഥാന വ്യാപകമായി 12 മീറ്റർ Right of Way-യിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മലയോര ഹൈവേയിലുൾപ്പെട്ട ഭൂരിഭാഗം സ്ട്രെച്ചുകൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതാണ്. കിഫ്ബി ധനാനുമതി നൽകിയിട്ടും ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും, ഗതാഗത യോഗ്യമല്ലാത്തതുമായ റോഡുകൾ അറ്റകുറ്റ പ്രവൃത്തികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് 02.02.2022, 17/04/2023 തീയതികളിലെ നടപടിക്രമ ഉത്തരവുകൾ പ്രകാരം ആകെ 100 കോടി രൂപയുടെ മെയിന്റനൻസ് ഫണ്ട് മലയോര ഹൈവേ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തുടനീളമുള്ള മലയോര ഹൈവേ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതിയിലുൾപ്പെട്ട വിവിധ റോഡുകളുടെ നവീകരണം KRFB നടത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡിന് 12 മീറ്റർ വീതി ലഭ്യമാക്കുന്നതിനുവേണ്ടി നിരവധി ഇടപെടലുകൾ നടത്തിയിട്ടും ഫ്രീ സറണ്ടർ ആയി സ്ഥലം വിട്ടു നൽകാൻ ജനങ്ങൾ തയ്യാറാവാത്തതുകൊണ്ട് നിലവിലെ വീതിയിൽ കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ സംസ്ഥാന വ്യാപകമായി 12 മീറ്റർ Right of Way-യിലാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നതിനാൽ ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മലയോര ഹൈവേയുടെ നവീകരണ പ്രവൃത്തികൾ നടത്താനാകൂ. കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട ചെമ്പങ്കനാൽ - നേര്യമംഗലം റോഡിലും മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് KRFB അറ്റകുറ്റ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ